ഉത്തരം

(എ) ഉണ്ട്.

(ബി) മേൽനടപടി സ്വീകരിച്ചിട്ടില്ല.

(സി) നിലവിലുള്ള ഉത്തരവ് അനുസരിച്ച് പുതിയ ഫെയർ സ്റ്റേജ് അനുവദിക്കാൻ നിർവാഹമില്ല.

തിരുവനന്തപുരം നഗരത്തിൽ ഓടുന്ന പ്രൈവറ്റ് ബസുകൾ

122 (821) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ഓടുന്ന പ്രൈവറ്റ് ബസുകൾ കോർപ്പറേഷൻ പരിധി വിപുലപ്പെടുത്തിയതിനുശേഷം കൂടുതൽ ദൂരം ഓടുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി). നാലാഞ്ചിറ വരെ ഓടുന്ന പ്രൈവറ്റ് ബസുകൾ ചിറ്റാഴ വരെയോ വട്ടപ്പാറവരെയോ വന്നു പോകുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതു സംബന്ധിച്ച ആരാധന റസിഡന്റ്സ് അസോസിയേഷൻ മരുതൂർ, വട്ടപ്പാറ നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരുന്നു.

നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ യാത്രാ ക്ലേശം

123 (824) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട്, പൂങ്കുമൂട്, വേങ്കോട്, നെടുമങ്ങാട് നിവാസികളുടെയും വഞ്ചുവം, വേഴുംമൂട് കൂവ്, വാണയം നിവാസികളുടെയും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് ;

(ബി) ഈ നിവേദനങ്ങളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. ഇപ്പോൾ കെ. എസ്. ആർ. ടി. സി. യുടെ തിരുവനന്തപുരം സിറ്റി, പേരൂർക്കട യൂണിറ്റുകളിൽ നിന്നും പൂങ്കുംമൂട്,

LIBRARY ARCHIVES Kerala Legislative Assembly

വേങ്ങോട്, നെടുമങ്ങാട് ഭാഗത്തേക്ക് ഏഴ് ട്രിപ്പുകൾ ഉണ്ട്. അതുപോലെ നെടുമങ്ങാട് യൂണിറ്റിൽ നിന്ന് കൂപ്പ് വഴി അഞ്ച് ട്രിപ്പും, പാണയം വഴി പന്ത്രണ്ട് (12) ട്രിപ്പുകളും ഉണ്ട്. ഈ മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവശ്യമെങ്കിൽ കൂടുതൽ ട്രിപ്പുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ് സ്റ്റോപ്പുകൾ

124 (825) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂരിലും കാരേറ്റിനും മദ്ധ്യേ പൊരുന്തമൺ എന്ന സ്ഥലത്ത് കെ. എസ്. ആർ. ടി. സി. ഫാസ്റ്റ് പാസഞ്ചർ ബസുകൾ നിറുത്താത്തതിനെ സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനെ സംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ അംഗീകൃത സ്റ്റോപ്പായ പൊരുന്തമണിൽ കെ. എസ്. ആർ. ടി. സി. ഫാസ്റ്റ് പാസഞ്ചർ ബസുകൾ നിർത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് ; ആ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് പൊരുന്തമൺ അംഗീകൃത സ്റ്റോപ്പാണ്. ആയതിനാൽ പ്രത്യേക നിർദ്ദേശം നൽകുന്നതിന്റെ ആവശ്യമില്ല.

താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

125 (826) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. യിൽ എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി ;

(ബി) താൽക്കാലിക ജീവനക്കാരുടെ നിയമനത്തിനുള്ള നടപടി ക്രമം വിശദീകരിക്കുമോ ;

(സി) സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ഡി) ഇവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly